ഉദ്യോഗാർത്ഥികൾക്ക് മൊബൈൽ ഫോണിൽ മെസേജുകൾ നൽകാൻ കഴിയുന്നു. ഒറ്റത്തവണ രജിസ്ട്രേഷൻ 1-1-2012-ൽ ആരംഭിച്ചു. 2012-ൽ ഡിപ്പാർട്ടുമെന്റൽ ടെസ്റ്റിന് ഒ.എം.ആർ. മൂല്യനിർണ്ണയം ആരംഭിച്ചു. കൂടാതെ ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ സാധിക്കുന്ന വിധത്തിൽ കമ്പ്യൂട്ടർവത്ക്കരണം പുരോഗമിച്ചിട്ടുണ്ട്. C-DIT-ന്റെ സഹകരണത്തോടെ 7-9-2013 മുതൽ ഓൺലൈൻ പരീക്ഷ നടത്തിവരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിലായി മൂന്ന് ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ പി.എസ്.സി. ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ കാലവിളംബം കൂടാതെ പി.എസ്.സി.-യെ അറിയിക്കുന്നതിനായി e-vacancy എന്ന സോഫ്റ്റ്വെയറും ആരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ വേഗത്തിലും സുതാര്യവുമാക്കാനാണ് പി.എസ്.സി.യിൽ ഇ-ഗവേണൻസ് നടപ്പിലാക്കിവരുന്നത്.

(സി) സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസുകളിൽ കമ്പ്യൂട്ടർവത്ക്കരണം നടത്തിവരുന്നത്. കോഴിക്കോട് ജില്ലയിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രം സ്ഥാപിക്കുന്നതിനായി സിവിൽ & ഇലക്ട്രിക് വർക്കുകൾക്ക് ഇക അനുവദിക്കുന്നതിനായി ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമുള്ള എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വനിതാ എക്സൈസ് ഗാർഡുമാരുടെ റാങ്ക് ലിസ്റ്റ്

22 (3118) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ എക്സൈസ് ഗാർഡുമാരുടെ റാങ്ക് ലിസ്റ്റ് എന്ന നിലവിൽ വന്നു എന്നും എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും ആർക്കെങ്കിലും നിയമനത്തിന് ശിപാർശ നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നിയമനം വൈകുവാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(ഡി) വനിതാ എക്സൈസ് ഗാർഡുമാരുടെ നിയമനത്തിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി)

ജില്ല	റാങ്ക് പട്ടിക നിലവിൽ വന്ന തീയതി	റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണം	17-2-16 തീയതി വരെ നിയമന ശിപാർശ ചെയ്യപ്പെട്ടവരുടെ എണ്ണം
തിരുവനന്തപുരം	4-5-2015	72	3
കൊല്ലം	4-5-2015	33	1
പത്തനംതിട്ട	4-5-2015	41	1
ആലപ്പുഴ	4-5-2015	26	1
കോട്ടയം	4-5-2015	49	2
ഇടുക്കി	4-5-2015	75	3
എറണാകുളം	4-5-2015	56	4
തൃശ്ശൂർ	4-5-2015	29	ഇല്ല
പാലക്കാട്	4-5-2015	47	2
മലപ്പുറം	4-5-2015	74	ഇല്ല
വയനാട്	4-5-2015	60	ഇല്ല
കോഴിക്കോട്	4-5-2015	61	1
കണ്ണൂർ	4-5-2015	62	1
കാസർഗോഡ്	4-5-2015	46	1

റാങ്ക് ലിസ്റ്റിൽനിന്നും 20 പേർക്ക് നൽകിയിട്ടുള്ളതാണ്.

(സി) നിയമനം വൈകിയിട്ടില്ല.

(ഡി) ഇല്ല.

വിവിധ വകുപ്പുകളിലെ ഒഴിവുകൾ

23 (3120) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ ഒഴിവുകൾ നികത്താത്തതുമൂലം നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനങ്ങൾ വേണ്ടത്ര നടക്കുന്നില്ലായെന്നത് പരിശോധിക്കുമോ;